**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1062** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>തീരദേശ റോഡ് പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി .ഒ. മോഹനൻ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** കണ്ണൂർ മണ്ഡല പരിധിയിലൂടെ കടന്നുപോകുന്ന തീരദേശ ഹൈവേ പദ്ധതിയുടെ അലൈൻമെന്റും പ്രവൃത്തികളുടെ നിലവിലെ പുരോഗതിയും വ്യക്തമാക്കാമോ?

**<u>മറുപടി:</u>** തീരദേശ ഹൈവേ പദ്ധതിയ്ക്കായി 10/07/2017 ലെ GO(Rt)No.942/2017/PWD പ്രകാരം 6500 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകുകയും 21.02.2026 - ലെ PWD014-40/APR/2025/KIIFB നമ്പർ പുതുക്കിയ ഉത്തരവ് പ്രകാരം Coastal Highway Reach I മാഹി ബ്രിഡ്ജ് മുതൽ പയ്യാമ്പലം വരെയുള്ള പ്രവൃത്തിക്ക് 1782.24 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. എടക്കാട് മുതൽ പയ്യാമ്പലം വരെയുള്ള റീച്ചിൽ 23.04.2025- ന് 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു. എടക്കാട് മുതൽ കുറുവ വരെയുള്ള റീച്ചിൽ അലൈൻമെന്റിൽ മാറ്റങ്ങൾ വരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഭൂവുടമകളും, നാട്ടുകാരും കോടതിയിൽ കേസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് പ്ലീഡറുടെ നിയമോപദേശ പ്രകാരം സർവ്വേ പ്രവൃത്തികൾ താത്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. പ്രഭാത് ജംഗ്ഷൻ മുതൽ പയ്യാമ്പലം റീച്ചിൽ കണ്ടോൺമെന്റ് ഏരിയയിലെ സ്ഥലമേറ്റെടുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**